ഐസി2-246/2024

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം
തീയതി: 19.01.2024

നോട്ടീസ്

വിഷയം- ജലസേചനം-ജീവനക്കാര്യം-തേർഡ് ഗ്രേഡ് ഓവർസിയറായ ശ്രീമതി. സ്മൃതി.ആർ.എസ്- ന്റെ പേര് 01.01.2020 മുതൽ 31.05.2022 വരെയുള്ള തേർഡ് ഗ്രേഡ് ഓവർസിയർമാരുടെ (സിവിൽ) അന്തിമ മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് നൽകുന്നത് സംബന്ധിച്ച്.

സൂചന-(1) 06.10.2023-ലെ ഈ കാര്യാലയത്തിലെ ഉത്തരവ് നം. ഐസി2- 64060/2022
(2) തിരുവന്തപുരം മൈനർ ഇറിഗേഷൻ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 06.01.2024-ലെ E3/23/2024 നമ്പർ കത്ത്

സൂചന(1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച തേർഡ് ഗ്രേഡ് ഓവർസിയർ(സിവിൽ)മാരുടെ 01.01.2020 മുതൽ 31.05.2022 വരെയുള്ള അന്തിമ മുൻഗണനാപട്ടികയിൽ ശ്രീമതി. സ്മൃതി.ആർ.എസ്, തേർഡ് ഗ്രേഡ് ഓവർസിയറുടെ പേര് ഉൾപ്പെടുത്തുന്നതിന് സൂചന(2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടിയാരി സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ചതിൽ നിന്നും ടിയാരിയുടെ പേര് മേൽപ്പറഞ്ഞ അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താമെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ആയതിനാൽ ശ്രീമതി. സ്മൃതി.ആർ.എസ് ന്റെ പേര് സൂചന(1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച തേർഡ് ഗ്രേഡ് ഓവർസിയർ(സിവിൽ)മാരുടെ 01.01.2020 മുതൽ 31.05.2022 വരെയുള്ള അന്തിമ മുൻഗണനാ പട്ടികയിൽ ക്രമ നം. 166 ആയി ഉൾപ്പെട്ട ശ്രീമതി.ദേവിയതി.റ്റി യുടേയും ക്രമ നം. 167 ആയ ശ്രീമതി. അഞ്ജു.പി യുടേയും മദ്ധ്യേ ക്രമ നം. 166 (A) ആയി ഉൾപ്പെടുത്തി ഉത്തരവാകുന്നതാണ്.

ഇതിന്മേൽ പരാതിയോ ആക്ഷേപമോ ഉള്ളവർ വസ്തുത തെളിയിക്കുവാൻ മേലധികാരി സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം ഈ നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിൽ നൽകേണ്ടതാണ്. പ്രസ്തുത തീയതിയ്ക്കുള്ളിൽ പരാതികൾ ഒന്നും തന്നെ ലഭിച്ചില്ല എങ്കിൽ ശ്രീമതി. സ്മൃതി.ആർ.എസ്-ന്റെ പേര് മേൽപ്പറഞ്ഞ അന്തിമ മുൻഗണനാ പട്ടികയിൽ ക്രമ നം. 166 (A) ആയി ഉൾപ്പെടുത്തി ഉത്തരവാകുന്നതാണ്.

ശ്രീമതി. സ്മൃതി.ആർ.എസ്
തേർഡ് ഗ്രേഡ് ഓവർസിയർ
(ഓഫീസ് മേലധികാരി മുഖേന)

ചീഫ് എഞ്ചിനീയർക്കുവേണ്ടി

പകർപ്പ്

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ.ടി സെൽ, ഇറിഗേഷൻ(സർക്കുലർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)